(ബി) ജില്ല തിരിച്ച് നികുതി സമാഹരണം നൽകാമോ;

(സി) പ്രതീക്ഷിച്ച നികുതി വരുമാനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രതീക്ഷിച്ചത് എത്രയായിരുന്നുവെന്നും എന്തുകൊണ്ടാണ് നികുതി വരുമാനം കുറഞ്ഞതെന്നും വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

വിൽപ്പന നികുതി ഇളവ് നൽകാൻ നടപടി

8. [2871] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:

" സി. മോയിൻ കുട്ടി:

" ഇസ്ഹാക് കുരിക്കൾ:

" സി. മമ്മൂട്ടി:

" പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടുള്ള മാനസിക രോഗികളുടെ പുനരധിവാസ കേന്ദ്രത്തിൽ നിർമ്മിക്കുന്ന നോട്ട് ബുക്കുകൾക്കും മറ്റ് സാധനങ്ങൾക്കും വിൽപ്പന നികുതി ചുമത്തിയിരിക്കുന്നതുകൊണ്ട് ഈ സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേന്ദ്രങ്ങൾ കൂടുതൽ ഉണ്ടാകേണ്ടത് സമൂഹത്തിന്റെ ആവശ്യമായിരിക്കെ പ്രസ്തുത കേന്ദ്രത്തിലെ അന്തേവാസികൾ നിർമ്മിക്കുന്ന നോട്ടുബുക്കുകൾക്ക് മുൻകാല പ്രാബല്യത്തോടെ വിൽപ്പന നികുതി ഒഴിവാക്കിക്കൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് നിവേദനങ്ങൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പയ്യന്നൂരിൽ വിൽപ്പന നികുതി ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി

9 [2872] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരത്തിൽ വിൽപ്പന നികുതി വകുപ്പിന്റെ ഒരു ഓഫീസ് സ്ഥാപിക്കണമെന്ന നിവേദനം സർക്കാരിന് ലഭിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വിൽപ്പന നികുതി ഓഫീസുകൾ അനുവദിക്കുകയുണ്ടായിട്ടുണ്ട്; അവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) പയ്യന്നൂരിൽ വിൽപ്പന നികുതി ഓഫീസ് സ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി വിൽപ്പന നികുതി ഓഫീസുകൾ ഒന്നും അനുവദിച്ചിട്ടില്ല.

(സി) തളിപ്പറമ്പ് വിൽപ്പന നികുതി ഓഫീസ് വിഭജിച്ച് പയ്യന്നൂരിൽ ഒരു വിൽപ്പന നികുതി ഓഫീസ് തുടങ്ങുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്.

ട്രഷറി നിയന്ത്രണം

10 [2873] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ കാരണങ്ങൾ കൊണ്ടാണ് ധനകാര്യ വകുപ്പിന്റെ വെയ്സ് & മീൻസ് സെക്ഷനിൽ നിന്നും പണം പിൻവലിക്കാൻ അനുമതി വേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-6-2004 വരെ ഓരോ മാസവും ഏത് തീയതി മുതൽ ഏത് തീയതി വരെ നിയന്ത്രണം ഏർപ്പെടുത്തിയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഒരു നിയന്ത്രണവും ഏർപ്പെടുത്താതെ എത്ര ദിവസങ്ങൾ ട്രഷറി പ്രവർത്തിച്ചു;

(ഇ) സംസ്ഥാന ജീവനക്കാരുടെ ഏതെല്ലാം ആനുകൂല്യങ്ങളിൻ മേലാണ് ട്രഷറി നിയന്ത്രണം സ്ഥിരമായി ഏർപ്പെടുത്തി വരുന്നത് എന്ന് വെളിപ്പെടുത്തുമോ; അതിനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly